**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 326** | **17-03-2025 - ൽ മറുപടിയ്ക്ക്**

**ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനം ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>അജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഹരിതകർമ്മ സേന വാതിൽപ്പടി ശേഖരണത്തിലൂടെ മാലിന്യം ശേഖരിക്കുകയും എം.സി.എഫ്-കളിൽ അവ തരംതിരിച്ച് റീസൈക്ലേഴ്സ്, സിമന്റ് കമ്പനികൾ എന്നിവർക്ക് കൈമാറി നിർമ്മാർജ്ജനം ചെയ്യുന്നു. ജൈവ മാലിന്യ നിർമ്മാർജ്ജനം പ്രധാനമായും ഉറവിടമാലിന്യ സംസ്കരണത്തിലൂടെയാണ് നടത്തിവരുന്നത്. സമ്പൂർണ മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി കമ്മ്യൂണിറ്റി/ കേന്ദ്രീകൃത പ്ലാന്റുകളും നിർമ്മിച്ചു വരുന്നു .<br><br>മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ ആരംഭിച്ചതിനുശേഷം കഴിഞ്ഞ ഒന്നര വർഷമായി ഒട്ടനവധി മാറ്റങ്ങളുണ്ടായി. അന്തർദ്ദേശീയ സീറോ വേസ്റ്റ് ദിനമായ മാർച്ച് 30-ന് കേരളത്തെ മാലിന്യ മുക്തമായി പ്രഖ്യാപിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടന്നു വരുന്നു.<br><br>വാതിൽപ്പടി ശേഖരണവും യൂസർഫീ പിരിക്കലും 100% ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരുന്നു.<br><br>നിലവിൽ വാതിൽപ്പടി ശേഖരണത്തിലടക്കം പുറകെ നിൽക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ജില്ലാ അടിസ്ഥാനത്തിൽ റിവ്യൂ ചെയ്തിരുന്നു. ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തി വാതിൽപ്പടി ശേഖരണവും യൂസർ ഫീ പിരിക്കലും നൂറു ശതമാനം ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. നിലവിലുള്ള ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

മാലിന്യം വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള അത്യാധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി.

മാലിന്യ മുക്തമാക്കുന്നതിൽ സ്കൂളുകൾ, കോളേജുകൾ, പൊതുസ്ഥലങ്ങൾ, കവലകൾ തുടങ്ങിയ ഇടങ്ങളിൽ വലിയമാറ്റങ്ങൾ ഇതിനോടകം ഉണ്ടായി.

ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉറവിട മാലിന്യസംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ. കമ്മ്യൂണിറ്റി സെന്ററുകൾ തുടങ്ങി പ്രതിദിനം 100 കിലോഗ്രാമിൽ കൂടുതൽ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്ന (ബൾക്ക് വേസ്റ്റ് ജനറേറ്റേർസ്) എല്ലായിടങ്ങളിലും സ്വന്തം നിലയിലോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പ്രകാരമോ അവരുടെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ഉത്തരവാകുകയും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

ഖരമാലിന്യ പരിപാലന ചട്ടം 2016 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിയമലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കുന്നതിലേക്കും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിനും പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ / വിജിലൻസ് സ്ക്വാഡുകൾ എന്നിവ തദ്ദേശ സ്ഥാപന തലത്തിലും, IVO സ്ക്വാഡുകൾ ബ്ലോക്ക് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ജില്ലാ തലത്തിലും പ്രവർത്തിച്ച് വരുന്നു.

പൊതു ഇടങ്ങളിലും ജലാശയങ്ങളിലും മാലിന്യനിക്ഷേപം നടത്തുന്നതിന് എതിരെ 2024-ൽ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി പ്രകാരം നിയമം കർശനമാക്കുകയും ആയത് പ്രകാരം നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു.

ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനാവശ്യമായ ഐ.ഇ.സി. പ്രവർത്തനങ്ങളും, കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ എന്നിവരെ

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി ബദൽ ഉൽപ്പന്ന മേളകളും സംഘടിപ്പിച്ചു.<br><br>പൊതു ഇടങ്ങളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും മാലിന്യം വലിച്ചെറിയുന്നതിനെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി 2025 ജനുവരി 1 മുതൽ 7 വരെ വലിച്ചെറിയൽ മുക്തവാരം സംഘടിപ്പിക്കുകയും വിദ്യാർഥികൾ, സന്നദ്ധ സംഘടനകൾ, സന്നദ്ധ പ്രവർത്തകർ, വിവിധ ഏജൻസികൾ എന്നിവരെ ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസുകൾ, മറ്റ് ഐ..ഇ.സി. പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചു.<br><br>വിവിധ ജില്ലകളിലായുള്ള ഡംപ് സൈറ്റുകളിലെ ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന്റെ ഭാഗമായി, ബയോമൈനിംഗ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വരുന്നു.<br><br>മാലിന്യരഹിതമായ ഹരിത അയൽക്കൂട്ടം, ഹരിത ടൗണുകൾ, ഹരിത വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ഹരിത ഓഫീസുകൾ, ഹരിത പൊതു സ്ഥലം, ഹരിത മാർക്കറ്റ്, ഹരിതവിദ്യാലയങ്ങൾ എന്നിവയും നൂറു ശതമാനം പൂർണ്ണതയിലേക്ക് എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>മാലിന്യമുക്തം നവകേരളം സംബന്ധിച്ച ഇതുവരെയുള്ള നേട്ടങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്ലാസ്റ്റിക്കും ഇ-മാലിന്യങ്ങളും പുനരുപയോഗിക്കാനും സംസ്കരിക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | പ്ലാസ്റ്റിക്കും ഇ-മാലിന്യങ്ങളും ഹരിത കർമ്മസേനവഴി ഉറവിടത്തിൽ തരംതിരിച്ച് ശേഖരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്/ ആർ.ആർ.എഫ്-കളിൽ എത്തിച്ച് അവയുടെ രണ്ടാം തരംതിരിവ് നടത്തി അവയുടെ മൂല്യത്തിനനുസരിച്ച് ക്ലീൻ കേരള കമ്പനി മുഖേനയോ അംഗീകൃത പ്രൈവറ്റ് ഏജൻസി മുഖേനയോ പുനരുപയോഗത്തിനായോ പുന:ചംക്രമണത്തിനായോ കൈമാറിവരുന്നു. പുന:ചംക്രമണത്തിന് സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ സിമന്റ് ഫാക്ടറികളിലെ ചൂളകളിൽ ഇന്ധനമായി ഉപയോഗിക്കുന്നതിനായി കൈമാറുന്നു. |
| (സി) | മാലിന്യങ്ങൾ ഫലപ്രദമായി തരം തിരിക്കാത്തതിനാൽ അത് ചീഞ്ഞ് രോഗങ്ങൾക്ക് കാരണമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | മാലിന്യങ്ങൾ ഫലപ്രദമായി തരംതിരിക്കാത്തത് മൂലമുണ്ടാകുന്ന അനാരോഗ്യകരമായ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിലേക്കായി ഗാർഹികതലത്തിലും സ്ഥാപനതലത്തിലും ഉൽപ്പാദിപ്പിക്കുന്ന മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിലും നിരത്തുകളിലുമെത്താതെ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള ഉറവിട മാലിന്യ സംസ്കരണ |

| | | | |
|---|---|---|---|
| | | | പദ്ധതികളും വികേന്ദ്രികൃത മാലിന്യ സംസ്കരണ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ബയോബിന്നുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ ഗാർഹിക തലത്തിലും, സ്ഥാപനതലത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ വിതരണം ചെയ്ത് വരുന്നു. കൂടാതെ തുമ്പൂർമുഴി പ്ലാന്റുകൾ, എയ്റോബിക് കമ്പോസ്റ്റുകൾ, ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ പ്ലാന്റുകൾ, ബയോ ശക്തി പ്ലാന്റുകൾ, ഡീ വാട്സ് പ്ലാന്റുകൾ മുതലായവ കമ്മ്യൂണിറ്റി തലത്തിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും പ്രവർത്തിച്ചുവരുന്നു. |
| (ഡി) | ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനം പുനരവലോകനം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ ഖര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ച് വരുന്നു ആയത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സർക്കാർ തലത്തിൽ കൃത്യമായ അവലോകനം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

| | 75% കൈവരിക്കാത്ത തദ്ദേശസ്ഥാപനങ്ങളുടെ എണ്ണം (ഫെബ്രുവരി 2025) |
|---|---|
| ആലപ്പുഴ | 0 |
| എറണാകുളം | 23 |
| ഇടുക്കി | 6 |
| കണ്ണൂർ | 0 |
| കാസറഗോഡ് | 12 |
| കൊല്ലം | 0 |
| കോട്ടയം | 0 |
| കോഴിക്കോട് | 3 |
| മലപ്പുറം | 79 |
| പാലക്കാട് | 4 |
| പത്തനംതിട്ട | 9 |
| തിരുവനന്തപുരം | 2 |
| തൃശ്ശൂർ | 10 |
| വയനാട് | 8 |
| | 156 |

## മാലിന്യമുക്തം നവകേരളം – നേട്ടങ്ങൾ

I. ഒറ്റനോട്ടത്തിൽ

| ക്രമ നമ്പർ | ഘടകം | 2023 മാർച്ച് | 2024 മാർച്ച് | 2025 ജനുവരി 31 |
|---|---|---|---|---|
| അടിസ്ഥാന സൗകര്യം | | | | |
| 1 | വീടുകൾ/ സ്ഥാപനങ്ങളിൽ നിന്നും വാതില്പടി ശേഖരണം | 47% | 65% | 85% |
| 2 | യൂസർ ഫീസ് കളക്ഷൻ | 34.90% | 68% | 71.72% |
| 3 | മിനി എം. സി. എഫ്.കളുടെ എണ്ണം | 7,446 | 17,393 | 19,602 |
| 4 | എം. സി. എഫ്- കളുടെ എണ്ണം | 1160 | 1247 | 1,327 |
| 5 | ആർ. ആർ. എഫ്- കളുടെ എണ്ണം | 87 | 164 | 191 |
| ഹരിതകർമ്മ സേന | | | | |
| 6 | ഹരിത കർമ്മ സേന അംഗങ്ങൾ | 33,378 | 36,510 | 37176 |
| 7 | 5000 രൂപയ്ക്ക് മുകളിൽ വരുമാനമുള്ള ഹരിത കർമ്മ സേന അംഗങ്ങൾ (എണ്ണം) | 18109 | 29763 | 34918 |
| 8 | 10,000 രൂപയ്ക്ക് മുകളിൽ വരുമാനമുള്ള ഹരിത കർമ്മ സേന അംഗങ്ങൾ (എണ്ണം | 6758 | 15058 | 18782 |
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് – വിവരങ്ങൾ | | | | |
| 9 | CKCL-മായി കരാറിലേർപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (എണ്ണം) | 673 | 712 | 712 |
| 10 | CKCL ശേഖരിച്ച മാലിന്യത്തിന്റെ അളവ് (ടൺ ) | 30217 (2022-23 FY) | 47548.69 ടൺ (2023- 24 FY) | 49978.65 ടൺ (2024 April - 2025 Jan. 31) |
| 12 | CKCL ഹരിതകർമ്മ സേനയ്ക്ക് നൽകിയ തുക | 4.93 Crore (2022-23 F.Y.) | 8.57 Crore (2023-24 F.Y.) | 8.50 Crore (2024-25) F.Y(5 months) |

| ക്രമ നമ്പർ | ഘടകം | 2023 മാർച്ച് | 2024 മാർച്ച് | 2025 ജനുവരി 31 |
|---|---|---|---|---|
| 13 | CKCL-ന്റെ ശേഖരണ സംവിധാനം | 17 (87300 sq feet) | 24 (125300 sq feet) | 28 (165800 sq ft ) |
| ഫോർവേഡ് ലിങ്കേജ് - സ്വകാര്യ ഏജൻസികൾ | | | | |
| 14 | അജൈവ മാലിന്യ ശേഖരണ സംവിധാനം - എംപാനൽ ചെയ്ത സ്വകാര്യ ഏജൻസികൾ (എണ്ണം) | N/A | 21 | 38 |
| ഹരിത മിത്രം ആപ്പ് – വിന്യാസം | | | | |
| 15 | ഹരിതമിത്രം ആപ്പ് - സേവനം ഉപയോഗപ്പെടുത്തുന്നവർ (എണ്ണം) | 11.24 ലക്ഷം | 40.68 ലക്ഷം | 75.23 ലക്ഷം |
| `16 | ഹരിത മിത്രം ആപ്പ് –സേവനം ഉപയോഗപ്പെടുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 376 | 880 | 1019 |
| 17 | ഹരിത മിത്രം ഉപയോഗിക്കാത്ത/ മറ്റ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ: | – | 31 | 15 |
| എൻഫോഴ്സ്മെന്റ് നടപടികളുടെ ശാക്തീകരണം | | | | സെപ്റ്റംബർ **30** വരെ |
| 18 | ക്യാമറ നിരീക്ഷണം ഏർപ്പെടുത്തിയ ഇടങ്ങൾ | – | 816 | 3557 |
| 19 | എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുന്നതിനായി നടത്തിയിരിക്കുന്ന പരിശോധനകളുടെ എണ്ണം | 1138 | 36450 | 51125 |

## II. <u>ജൈവ മാലിന്യ സംസ്കരണം</u>

| ക്രമ നമ്പർ | ഘടകം | 2024 ജനുവരി 30 വരെ |
|---|---|---|
| ഗാർഹിക ജൈവ മാലിന്യം | | |
| 1 | ആകെ ഗാർഹിക ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | 29,99,293 എണ്ണം |
| 2 | ഇതിലൂടെ സംസ്കരിക്കുന്ന ആകെ മാലിന്യം | 6,162 Tons Per Day |
| കമ്മ്യൂണിറ്റി തല ജൈവ മാലിന്യ സംസ്കരണ സംവിധാനം | | |
| 3 | ആകെ കമ്മ്യൂണിറ്റി തല ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | 1574 എണ്ണം |
| 4 | ഇതിലൂടെ സംസ്കരിക്കുന്ന മാലിന്യം (അളവ്) | 291 T.P.D. |
| കേന്ദ്രീകൃത കമ്മ്യൂണിറ്റി തല സംസ്കരണ സംവിധാനങ്ങൾ | | |
| 5 | ആകെ കേന്ദ്രീകൃത കമ്മ്യൂണിറ്റി തല ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | 36 എണ്ണം |
| 6 | ഇവയിലൂടെ സംസ്കരിക്കുന്ന മാലിന്യം (അളവ്) | 306.6 T.P.D. |